**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4643** **19-07-2022 - ൽ മറുപടിയ്ക്ക്**

**പാനൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് തലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | **കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള** പദ്ധതിക്ക് 8586 ലക്ഷം രൂപയുടെ ഭരണാനുമതി 2017-18 ൽ നല്കിയിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്ഥാപിക്കുന്നതിനായി 2 ഗവ: ഭൂമിയും 3 സ്വകാര്യ ഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂമികൾ ലാന്റ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ചാർജിനത്തിൽ ആവശ്യപ്പെട്ട 45 ലക്ഷം രൂപ കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമായതിനുശേഷം 13/07/2022-ന് എൽ.എ തഹസിൽദാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതാണ്. ആവശ്യമുള്ള 2 ഗവണ്മെന്റ് ഭൂമികളിൽ ഒന്ന് പാനൂർ മുനിസിപ്പാലിറ്റിയുടെയും മറ്റൊന്ന് ചൊക്ലി ഗവ:കോളേജിന്റെയും ഉടമസ്ഥതയിലുള്ളതാണ്. ഈ രണ്ട് സ്ഥലങ്ങളിലും നിർമ്മാണ ജോലികൾ നടത്താനായി വാട്ടർ അതോറിറ്റിക്ക് പെർമ്മിസീവ് സാംങ്ഷൻ ഇതിനകം നല്കിയിട്ടുണ്ട്. ചൊക്ലി ഗവ: കോളേജ് കോമ്പൗണ്ടിൽ ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 25 സെന്റ് സ്ഥലത്തിന്റെ പെർമ്മിസീവ് സാംങ്ഷൻ കണ്ണൂർ ജില്ലാ കളക്ടർ 21/06/2022-ന് നൽകിയിട്ടുണ്ട്. കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഭൂമി യഥാക്രമം 25 സെന്റ്, 35 സെന്റ് ഭൂമിയുടെ സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. ലാന്റ് അക്വിസിഷൻ നടപടികൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | പാനൂർ നഗരസഭയിൽ കുടിവെള്ളമെത്തിക്കാൻ | (ബി) | **കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന** |

| | | | |
|---|---|---|---|
| | ചൊക്ലി, കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ; | | **തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള** പദ്ധതിക്ക് 8586 ലക്ഷം രൂപയുടെ ഭരണാനുമതി 2017-18 ൽ നല്കിയിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്ഥാപിക്കുന്നതിനായി 2 ഗവ: ഭൂമിയും 3 സ്വകാര്യ ഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂമികൾ ലാന്റ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ചാർജിനത്തിൽ ആവശ്യപ്പെട്ട 45 ലക്ഷം രൂപ കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമായതിനുശേഷം 13/07/2022-ന് എൽ.എ തഹസിൽദാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതാണ്. ആവശ്യമുള്ള 2 ഗവണ്മെന്റ് ഭൂമികളിൽ ഒന്ന് പാനൂർ മുനിസിപ്പാലിറ്റിയുടെയും മറ്റൊന്ന് ചൊക്ലി ഗവ:കോളേജിന്റെയും ഉടമസ്ഥതയിലുള്ളതാണ്. ഈ രണ്ട് സ്ഥലങ്ങളിലും നിർമ്മാണ ജോലികൾ നടത്താനായി വാട്ടർ അതോറിറ്റിക്ക് പെർമ്മിസീവ് സാംങ്ഷൻ ഇതിനകം നല്കിയിട്ടുണ്ട്. ചൊക്ലി ഗവ: കോളേജ് കോമ്പൗണ്ടിൽ ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 25 സെന്റ് സ്ഥലത്തിന്റെ പെർമ്മിസീവ് സാംങ്ഷൻ കണ്ണൂർ ജില്ലാ കളക്ടർ 21/06/2022-ന് നൽകിയിട്ടുണ്ട്. കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഭൂമി യഥാക്രമം 25 സെന്റ്, 35 സെന്റ് ഭൂമിയുടെ സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. ലാന്റ് അക്വിസിഷൻ നടപടികൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് നിലവിൽ തടസങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ